A

505

शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2016–17

ക്ലാസ്സ് : 5 | സാമൂഹ്യശാസ്ത്രം | സമയം: 2 മണിക്കൂർ

## നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം

### പ്രവർത്തനം : 1

1 ഒരു ആകാശഗോളം ഗ്രഹമായി പരിഗണിക്കപ്പെടണമെങ്കിൽ താഴെപറയുന്നതിൽ ഏത് നിബന്ധനയാണ് ആവശ്യമില്ലാത്തത്.

എ) ഗോളാകൃതി ഉണ്ടാകണം

ബി) സൂര്യനെ വലം വയ്ക്കണം

സി) സ്വയം പ്രകാശിക്കണം

ഡി) തനതായ തടസ്സങ്ങളില്ലാത്ത ഭ്രമണപഥം ഉണ്ടാവണം

2 സൗരയൂഥത്തിൽ ഭൂമിയിൽ മാത്രമേ ജീവനുള്ളതായി ഇതുവരെ കണ്ടെത്തിയിട്ടുള്ളു ഭൂമിയിൽ ജീവൻ നിലനിൽക്കാനുള്ള കാരണങ്ങൾ എന്തെല്ലാം ?

3 തന്നിരിക്കുന്ന ചിത്രത്തിൽ വിട്ടുപോയ ഗ്രഹങ്ങളെ യഥാസ്ഥാനത്ത് രേഖപ്പെടുത്തുക?.




### പ്രവർത്തനം : 2

1500 BC മുതൽ 600 BC വരെയുള്ള കാലഘട്ടമാണ് വേദകാലം എന്നറിയപ്പെടുന്നത്. ഈ കാലഘട്ടത്തെ ഋഗ്വേദകാലമെന്നും പിൽക്കാല വേദകാലമെന്നും രണ്ടായി തിരിച്ചിരിക്കുന്നു.

1 തന്നിരിക്കുന്ന സവിശേഷതകളെ ഋഗ്വേദകാലത്തുള്ളതും വേദകാലത്തുള്ളതുമായി തരം തിരിക്കുക?

എ) യാഗങ്ങൾ വ്യാപകമായി

ബി) കൃഷി മുഖ്യതൊഴിലായി സ്വീകരിച്ചു

സി) ഇന്ദ്രൻ, വരുണൻ എന്നിവരെ ദേവൻമാരായി ആരാധിച്ചു.

ഡി) കാലി വളർത്തലായിരുന്നു മുഖ്യതൊഴിൽ

2 ഇരുമ്പിന്റെ കണ്ടുപിടിത്തം ഗംഗാ സമതലത്തിൽ എത്തിയ ആര്യൻമാരുടെ ജീവിതത്തിൽ ഉണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം ? (ഏതെങ്കിലും 3 എണ്ണം)



For more study materials send SMS - 8547378281 to join our whatsapp group

പ്രവർത്തനം : 3

1. ദക്ഷിണേന്ത്യയിലെ ഇരുമ്പുയുഗം മഹാശിലായുഗം എന്ന് അറിയപ്പെടുന്നു കാരണം എന്ത്?

2 മഹാശിലായുഗം ശിലായുഗത്തിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

3 മഹാശിലായുഗത്തിൽ തമിഴകത്തെ സാഹിത്യരംഗത്തുണ്ടായ (സംഘകാലം) ഉണർവിനെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക?

പ്രവർത്തനം : 4

താൻ കീഴടക്കിയ പ്രദേശങ്ങളിൽ ജനങ്ങളെ ഒരുമിപ്പിച്ച് ഭരിക്കുന്നതിനായി അശോക ചക്രവർത്തി "ധർമ്മം " എന്ന നയം നടപ്പിലാക്കി.

1 നാനാമതസ്ഥർ അധിവസിക്കുന്ന ആധുനിക ഇന്ത്യയിൽ ഈ നയത്തിന്റെ പ്രസക്തി വിശദമാക്കുക?

2 അശോകചക്രവർത്തിക്ക് മുമ്പ് മഗധ ഭരിച്ചിരുന്ന ബിംബിസാരൻ മൃഗബലി നിരോധിക്കാനുള്ള സാഹചര്യം എന്തായിരുന്നു?

പ്രവർത്തനം : 5

1 കൃഷി, കച്ചവടം, മതം, സമൂഹം, കല എന്നീ സാമൂഹിക സാമ്പത്തിക ഘടകങ്ങൾ പരിഗണിച്ചുകൊണ്ട് മൗര്യകാലഘട്ടത്തെയും ഗുപ്തകാലഘട്ടത്തെയും താരതമ്യം ചെയ്യുക

പ്രവർത്തനം : 6

1 തന്നിരിക്കുന്ന പട്ടികയിൽ വൻകരകളും അവയുടെ സവിശേഷതകളും ശരിയായ രീതിയിൽ ക്രമീകരിക്കുക

| നമ്പർ | വൻകരകൾ | സവിശേഷതകൾ |
|---|---|---|
| 1. | ആഫ്രിക്ക | ഏറ്റവും വലിയ വൻകര |
| 2 | യൂറോപ്പ് | ഇരുണ്ട വൻകര |
| 3 | ഏഷ്യ | ദ്വീപ് വൻകര |
| 4 | ആസ്ത്രേലിയ | മരുഭൂമികളില്ലാത്ത വൻകര |

2 തന്നിരിക്കുന്ന ഭൂപടത്തിൽ ഏതെങ്കിലും മൂന്ന് വൻകരകൾ അടയാളപ്പെടുത്തുക

